**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2578** **12-10-2021 - ൽ മറുപടിയ്ക്ക്**

**സൗര പദ്ധതിയുടെ ഭാഗമായി സോളാർ പാനലുകൾ സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യുടെ സൗര പദ്ധതിയുടെ ഭാഗമായി ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രസ്തുത പദ്ധതിക്കായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ; | (എ) | സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതിയാണ് 'സൗര'. 'സൗര' ഒന്നാംഘട്ട പദ്ധതിയിൽ എല്ലാ താരിഫ് വിഭാഗങ്ങളിലുമുള്ള ഉപഭോക്താക്കൾക്ക് പങ്കാളികളാകാവുന്നതാണ്. 'സൗര' ഒന്നാംഘട്ടത്തിൽ 2786 നിലയങ്ങൾക്ക് 27.123 മെഗാവാട്ട് ശേഷിക്കുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 1264 നിലയങ്ങൾ, 9.437 മെഗാവാട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. സൗരഫേസ്–II സബ്സിഡി പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ് പങ്കെടുക്കാനാവുക. ഇതിൽ 2019-20 വർഷത്തിൽ 10.2 മെഗാവാട്ട് ശേഷിയ്ക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആയതിൽ 299 നിലയങ്ങൾ (1250 kw) പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2021 ജൂലൈ മാസത്തിൽ 7 ഡെവലപ്പർമാരെ എം-പാനൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ പങ്കാളികളാകുന്നതിന് ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു. പ്രാഥമികമായി 2,78,517 അപേക്ഷകൾ ലഭിച്ചുവെങ്കിലും 5000 അപേക്ഷകൾ മാത്രമാണ് പുരപ്പുറ സോളാർ പദ്ധതിക്ക് അനുയോജ്യമായി കണ്ടെത്തിയത്. കൂടാതെ ഗാർഹിക ഉപഭോക്താക്കൾക്കായി സബ്സിഡി പദ്ധതി നിലവിൽ വന്നതോടെ ഫേസ് – I –ൽ രജിസ്റ്റർ ചെയ്തിരുന്ന ഗാർഹിക ഉപഭോക്താക്കൾ സബ്സിഡി പദ്ധതിയിലേക്ക് മാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാറശാല നിയോജക മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | 'സൗര' പദ്ധതിയിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. ഫേസ് - I (നോൺ സബ്സിഡി), ഫേസ് - II (സബ്സിഡി) അപേക്ഷകളിൽ വിശദമായ സർവ്വേയ്ക്ക് |

| | | | |
|---|---|---|---|
| | | | ശേഷം പാറശ്ശാല-4, കുന്നത്തുകാൽ - 3, ഒറ്റശേഖരമംഗലം - 4, വെള്ളറട - 11 എന്നിങ്ങനെ വർക്ക് ഓർഡർ നൽകുകയുണ്ടായി. ഇതിൽ രണ്ടെണ്ണം പൂർത്തിയായി ശേഷിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. |
| (സി) | സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടി പൂർത്തിയായോ; ഇതിനായി തെരഞ്ഞെടുത്തിട്ടുള്ള കമ്പനികൾ ഏതൊക്കെ; വിശദാംശം നൽകുമോ; | (സി) | സൗര ഫേസ് – I പദ്ധതിയിലേയ്ക്ക് 2019-ൽ ടെൻഡർ വിളിച്ച് മൂന്ന് ഡെവലപ്പർമാരുമായി കോൺട്രാക്റ്റ് എഗ്രിമെന്റിൽ (ആകെ 46.5 മെഗാവാട്ട്) ഏർപ്പെട്ടിട്ടുണ്ട്. 1. ഇങ്കൽ ലിമിറ്റഡ്, കൊച്ചി. 2. വാരി എനർജി ലിമിറ്റഡ് മുംബൈ. 3. ടാറ്റാപവർ സോളാർ - ബാംഗളൂർ. കൂടാതെ സബ്സിഡി പദ്ധതി ഒന്നാംഘട്ടം 2019-20 വർഷത്തിൽ ടെൻഡർ വിളിച്ച് മൂന്ന് കമ്പനികളെ എംപാനൽ ചെയ്തിട്ടുണ്ട്. 1. ഹൈവ് സോളാർ, തിരുവനന്തപുരം, 2. കോണ്ടാസ് ആട്ടോമേഷൻ, കോയമ്പത്തൂർ, 3. റീഫെക്സ് എനർജി ലിമിറ്റഡ് ചെന്നൈ (ആകെ 53 മെഗാവാട്ട്). സബ്സിഡി രണ്ടാംഘട്ടം 2020-21-ൽ ടെണ്ടർ വിളിച്ച് ഏഴ് കമ്പനികളെ എംപാനൽ ചെയ്തിട്ടുണ്ട്. 1. ടാറ്റാപവർ, 2. കോണ്ടാസ് ആട്ടോമേഷൻ, 3. ബിംഗാസ് ഇലക്ട്രിക്കൽ സോളാർ സിസ്റ്റം, തൃശ്ശൂർ, 4. B.S.S. സോളാർ-കവടിയാർ, 5. പവർ വൺ മൈക്രോസിസ്റ്റം ലിമിറ്റഡ് ബാംഗ്ലൂർ, 6. ഡ്യുയിഡിക് എനർജി ലിമിറ്റഡ്, തിരുവല്ല, 7.ഇഷാൻ സോളാർ പവർ ലിമിറ്റഡ്, ടി നഗർ, തമിഴ് നാട്. (ആകെ 118 മെഗാവാട്ട്). |
| (ഡി) | പ്രസ്തുത പദ്ധതിക്കായി ഉണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്താണ്; വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) | ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്ന പ്രകാരമാണ്. ഫേസ് – 1: ഈ പദ്ധതിയിൽ എല്ലാത്തരം താരിഫ് കാർക്കും അപേക്ഷിക്കാവുന്നതാണ്. ഉപഭോക്താവിന് നിഴൽ വീഴാത്ത ഫ്ലാറ്റ് റൂഫ് ഉണ്ടായിരിക്കണം. പ്രിമിസെസ്സിലേക്ക് റോഡുമാർഗ്ഗം ഉണ്ടായിരിക്കണം. ട്രാൻസ്ഫോർമർ കപ്പാസിറ്റി ലഭ്യത ഉണ്ടായിരിക്കണം. 5 വർഷ കാലയളവിൽ ഉപഭോക്താവിന്റെ പുരപ്പുറത്ത് മാറ്റങ്ങളൊന്നും വരുത്താൻ പാടില്ല. ഫേസ് – 2 ഈ പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്കു മാത്രമേ അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. സബ്സിഡി കഴിച്ചുള്ള തുക ഉപഭോക്താവും ഒടുക്കേണ്ടതാണ്.ഉപഭോക്താവിന് നിഴലില്ലാത്ത പുരപ്പുറം ഉണ്ടായിരിക്കണം. |
| (ഇ) | പ്രസ്തുത പദ്ധതിയിലേക്ക് നിലവിൽ അപേക്ഷിച്ചിട്ടില്ലാത്തവർക്ക് അപേക്ഷിക്കുന്നതിനുള്ള അവസരം നൽകുന്നുണ്ടോ; അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണ്; വിശദാംശം അറിയിക്കാമോ? | (ഇ) | ഫേസ് – I പദ്ധതിയിൽ ഉപഭോക്താവ് പണം മുടക്കാൻ തയ്യാറാണെങ്കിൽ അപേക്ഷിക്കാവുന്നതാണ്. ഫേസ് – II - ൽ പദ്ധതിയിൽ 3kw-ന് മുകളിലുള്ള നിലയങ്ങൾ സ്ഥാപിക്കാൻ നിലവിൽ അപേക്ഷിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | കെ.എസ്.ഇ.ബി.എൽ.-ന്റെ വെബ്സൈറ്റ് വഴിയോ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മുഖാന്തിരമോ എംപാനൽ ചെയ്ത ഡെവലപ്പർ വഴിയോ ഇതിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. 3 KW വരെയുള്ള ആവശ്യക്കാർക്ക് ഒരു ടെൻഡർ കൂടി ക്ഷണിച്ചിട്ടുണ്ട്. ആയത് പ്രകാരം എം-പാനൽ ചെയ്യുന്ന മുറയ്ക്ക് രജിസ്ട്രേഷൻ പുനരാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## **അനുബന്ധം – 1**

## **ഫേസ് – II**

| | |
|---|---|
| തിരുവനന്തപുരം | 2340 |
| കൊല്ലം | 1495 |
| പത്തനംതിട്ട | 803 |
| കോട്ടയം | 1514 |
| ആലപ്പുഴ | 1464 |
| എറണാകുളം | 3548 |
| ഇടുക്കി | 247 |
| തൃശ്ശൂർ | 2813 |
| പാലക്കാട് | 1329 |
| മലപ്പുറം | 1669 |
| കോഴിക്കോട് | 1688 |
| വയനാട് | 979 |
| കണ്ണൂർ | 752 |
| കാസർഗോഡ് | 525 |
| **ആകെ അപേക്ഷകൾ** | **21166** |
| **ഫേസ് – I** | |
| തിരുവനന്തപുരം | 13045 |
| കൊല്ലം | 16737 |
| പത്തനംതിട്ട | 7971 |
| കോട്ടയം | 13818 |
| ആലപ്പുഴ | 17000 |
| എറണാകുളം | 26453 |
| തൃശ്ശൂർ | 39853 |
| ഇടുക്കി | 11268 |
| പാലക്കാട് | 25369 |
| മലപ്പുറം | 26302 |
| വയനാട് | 20418 |
| കോഴിക്കോട് | 21164 |
| കണ്ണൂർ | 22711 |
| കാസർഗോഡ് | 16408 |
| **ആകെ അപേക്ഷകൾ** | **278517** |

**<u>അനുബന്ധം – 2</u>**

| **ഫേസ് – I (നോൺ-സബ്സിഡി) ലഭിച്ച അപേക്ഷകൾ** | **ഫേസ് – II (സബ്സിഡി) ലഭിച്ച അപേക്ഷകൾ** |
|---|---|
| പാറശ്ശാല - 146 | പാറശ്ശാല – 4 |
| കുന്നത്തുകാൽ - 65 | കുന്നത്തുകാൽ - 6 |
| അമ്പൂരി - 21 | അമ്പൂരി – 2 |
| കൊല്ലയിൽ - 125 | കൊല്ലയിൽ - 12 |
| ഒറ്റശേഖരമംഗലം - 104 | ഒറ്റശേഖരമംഗലം – 10 |
| വെള്ളറട - 116 | വെള്ളറട – 6 |